(ഇ) വകുപ്പിലെ അർഹരായവർക്ക് അടിയന്തിരമായി പ്രൊമോഷൻ അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡെപ്യൂട്ടി കമ്മീഷണർമാരുടെ എട്ട് ഒഴിവും, അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഇരുപത്തി ഒൻപത് ഒഴിവുമുണ്ട്.

(സി) ട്രൈബ്യൂണലുകളിൽ രണ്ട് മേധാവികളുടെ ഒഴിവും, അസിസ്റ്റന്റ് അപ്പലേറ്റ് കമ്മീഷണർമാരുടെ ഒരു ഒഴിവും ഉണ്ട്.

(ഡി) മുഖ്യ ചുമതലകൾ വഹിക്കുവാൻ ഉദ്യോഗസ്ഥർ കുറവാണെങ്കിലും നികുതി പിരിവിൽ വീഴ്ച വരാതിരിക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സീനിയോറിറ്റി സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള സ്റ്റേ ഉത്തരവ് പിൻവലിച്ചാലുടൻതന്നെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഒഴിവുകൾ നികത്തുന്നതാണ്. അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഫീഡർ കാറ്റഗറിയിലുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഡി. പി. സി. കൂടുന്നതും ഒഴിവുകൾ നികുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഇരുമ്പ്, ഉരുക്ക് വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള നികുതി വരുമാനം

31 [3757] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇരുമ്പ്, ഉരുക്ക് വ്യവസായ സ്ഥാപനങ്ങളിൽ നിന്നും നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും എന്തു നടപടി സ്വീകരിക്കുവാൻ പോകുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതി വെട്ടിപ്പ് തടയുന്നതിനായി ഈ വസ്തുക്കളെ പ്രവേശന നികുതി നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിൽപ്പന നികുതി നിയമ വകുപ്പ് 30 (ഇ) പ്രകാരം പ്രസ്തുത സാധനങ്ങൾ കൊണ്ടുവരുമ്പോഴും കൊണ്ടുപോകുമ്പോഴും പെർമിറ്റ് കൂടി ഉണ്ടായിരിക്കണം എന്നും ഇപ്രകാരം പെർമിറ്റ് ഇല്ലായെങ്കിൽ അത് കള്ളക്കടത്തായി കണക്കാക്കി നികുതിയുടെ മുന്നിരട്ടി സാധനത്തിന്റെ ഉടമയിൽനിന്നും, രണ്ടിരട്ടി അല്ലെങ്കിൽ അൻപതിനായിരം രൂപ വാഹന ഉടമയിൽനിന്നും ഈടാക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള നിയമ ഭേദഗതിയിൽകൂടി നികുതി ചോർച്ച തടയാൻ ശ്രമിക്കുന്നുണ്ട്.

റബ്ബർ ഷീറ്റ് കള്ളക്കടത്ത്

32 [3758] ശ്രീ. അടൂർ പ്രകാശ്:

,, ഡി. സുഗതൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, വി. ഡി. സതീശൻ:

,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും റബ്ബർ ഷീറ്റുകൾ തമിഴ്നാട്ടിലേക്ക് കള്ളക്കടത്ത് നടത്തുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം സംസ്ഥാനത്തിന് വിൽപ്പന നികുതി ഇനത്തിൽ എന്തു നഷ്ടം ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നികുതി വെട്ടിച്ച് റബ്ബർഷീറ്റുകൾ തമിഴ്നാട്ടിലേക്ക് കള്ളക്കടത്ത് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിലേക്കാണ് കയറ്റി അയക്കുന്നത്. കേരള പൊതുവിൽപ്പന നിയമപ്രകാരം റബ്ബറിന് 11 ശതമാനം നികുതിയും ടി നികുതിയുടെ 15 ശതമാനം അഡീഷണൽ വിൽപ്പന നികുതിയും സംസ്ഥാനത്തിനകത്ത് അവസാന വാങ്ങൽഘട്ടത്തിൽ ചുമത്തിവരുന്നു. കൂടാതെ അന്തർ സംസ്ഥാന വിൽപ്പന നടത്തുമ്പോൾ ഒരുശതമാനം കേന്ദ്ര വിൽപ്പന നികുതിയും നൽകേണ്ടതായിട്ടുണ്ട്. 2002-ൽ കേന്ദ്ര വിൽപ്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതിക്കനുസൃതമായി രജിസ്റ്റേർഡ് വ്യാപാരികൾ മുഖേന മാത്രമേ ക്രയവിക്രയം നടത്തുവാൻ കഴിയുകയുള്ളൂ. അത്തരം ക്രയവിക്രയങ്ങൾക്ക് നിയമം അനുശാസിക്കുന്ന 'സി' ഫാറം ഡിക്ലറേഷൻ ബന്ധപ്പെട്ട നികുതി നിർണ്ണയ

LIBRARY ARCHIVES Kerala Legislative Assembly